# പതിനാലാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 118

28-06-2016-ൽ മറുപടിക്ക്

## ഗെയിൽ വാതക പൈപ്പ് ലൈൻ പദ്ധതി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. പി.ടി.തോമസ്,<br>ശ്രീ. സണ്ണി ജോസഫ്<br>ശ്രീ. വി.പി.സജീന്ദ്രൻ<br>ശ്രീ. ഐ.സി.ബാലകൃഷ്ണൻ | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) സംസ്ഥാനത്ത് ഗെയിൽ വാതക പൈപ്പ് ലൈൻ പദ്ധതി നടപ്പാക്കാൻ എന്തെല്ലാം പദ്ധതിയാണ് ആസൂത്രണം ചെയ്തിരിക്കുന്നത് ; | (എ) ഗെയിൽ വാതക പൈപ്പ് ലൈൻ സംസ്ഥാനത്ത് 7 ജില്ലകളിലൂടെ കടന്നുപോകുന്നു. പൈപ്പ് ലൈൻ കടന്നുപോകുന്നതിനു വേണ്ടിയുളള സ്ഥലത്തിന്റെ ഉപയോഗാവകാശം കേന്ദ്ര ഗവൺമെന്റ് ഏറ്റെടുത്ത് ഗെയിലിന് കൈമാറിയിട്ടുണ്ട്. ഇതിനുവേണ്ടി കേന്ദ്ര ഗവൺമെന്റ് P&MP ആക്ടിലെ സെക്ഷൻ 6(1) പ്രകാരമുള്ള വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. സ്ഥലത്തിന്റെ ന്യായവിലയുടെ 50% നഷ്ടപരിഹാരമായി നൽകുവാൻ സംസ്ഥാന ഗവൺമെന്റ് ഇതിനകം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇത് ഫലവൃക്ഷാദികൾക്കു നൽകുന്ന നഷ്ടപരിഹാരത്തിന് പുറമെയാണ്. സ്ഥലത്തിന്റെ ഉടമസ്ഥാവകാശം ഉടമസ്ഥനിൽ തന്നെ നിക്ഷിപ്തമാണ്.<br><br>പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനുവേണ്ടി ആഗോള ടെൻഡർ വിളിച്ച് പണി ആരംഭിക്കുന്നതിനുളള നടപടികൾ പൂർത്തിയായി വരികയാണ്. ജൂലൈ മാസം അവസാനത്തോടെ കരാർ നൽകുവാനും ആഗസ്റ്റ് മാസത്തോടുകൂടി ജോലികൾ പുന:രാരംഭിക്കുവാനും സാധിക്കുമെന്നു പ്രതീക്ഷിക്കുന്നു. പൈപ്പ് ലൈൻ വാൽവ് സ്റ്റേഷനുകൾക്കു വേണ്ടിയുളള സ്ഥലമെടുപ്പു നടപടികൾ സംസ്ഥാന സർക്കാർ ത്വരിതപ്പെടുത്തിയിട്ടുണ്ട്. പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിന് സംസ്ഥാന സർക്കാർ എല്ലാ സഹായ സഹകരണങ്ങളും നൽകുന്നുണ്ട്. |

| | | | |
|---|---|---|---|
| (ബി) | പദ്ധതി നടപ്പാക്കുന്നതുമൂലമുള്ള ജനങ്ങളിലെ ആശങ്ക ഒഴിവാക്കാൻ എന്തെല്ലാം നടപടികളാണ് കൈക്കൊള്ളാനുദ്ദേശിക്കുന്നത് ; | (ബി) | പൈപ്പ് ലൈൻ മണ്ണിനടിയിൽ 2 മീറ്റർ ആഴത്തിലുള്ള ട്രഞ്ചുകളിലാണ് സ്ഥാപിക്കുന്നത്. അത്യാധുനിക സാങ്കേതികവിദ്യകൾ ഉപയോഗിച്ച് പൈപ്പ് ലൈനിന്റെ സംരക്ഷണം പൂർണ്ണമായി ഉറപ്പുവരുത്തുന്നു. ആയതിനാൽ പദ്ധതിയുടെ സുരക്ഷയെ സംബന്ധിച്ച് ജനങ്ങളുടെ ആശങ്കയ്ക്ക് യാതൊരു അടിസ്ഥാനവുമില്ല. ഇത് ജനങ്ങളെ ബോദ്ധ്യപ്പെടുത്തുന്നതിനും പദ്ധതിയെ സംബന്ധിച്ച ആശങ്കകളും തെറ്റിദ്ധാരണകളും ദൂരീകരിക്കുന്നതിനുമായി പൈപ്പ് ലൈൻ കടന്നുപോകുന്ന റൂട്ടിലുള്ള പഞ്ചായത്തുകൾതോറും ബോധവൽക്കരണം നടത്തിയിട്ടുണ്ട്. കൂടാതെ ദൃശ്യമാധ്യമങ്ങളിലൂടെയും, പത്രപരസ്യങ്ങളിലൂടെയും, ലഘുലേഖകൾ മുഖേനയും, എഫ്.എം റേഡിയോ വഴിയും, ഗ്യാസ്പൈപ്പ് ലൈനിന്റെ സുരക്ഷയെക്കുറിച്ചും പദ്ധതി പൂർത്തിയായാൽ സംസ്ഥാനത്തിന് ഉണ്ടാകാൻ ഇടയുള്ള നേട്ടങ്ങളെക്കുറിച്ചും ഉള്ള വിവരങ്ങൾ പ്രചരിപ്പിക്കുന്നുണ്ട്. |
| (സി) | പദ്ധതി നടപ്പാക്കുന്നതിനുള്ള തടസ്സം നീക്കാൻ ബന്ധപ്പെട്ട ജനങ്ങളുമായി ചർച്ച നടത്തുന്നകാര്യം പരിഗണനയിലുണ്ടോ ; ഉണ്ടെങ്കിൽ വിശദമാക്കുമോ ? | (സി) | പൈപ്പ് ലൈൻ പദ്ധതിയെ സംബന്ധിച്ച് ജനങ്ങൾക്കുള്ള ആശങ്ക പരിഹരിക്കുവാനായി ജനപ്രതിനിധികളുടെയും ഉദ്യോഗസ്ഥരുടെയും ഗെയിൽ അധികൃതരുടേയും യോഗങ്ങൾ മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിലും ചീഫ് സെക്രട്ടറിയുടെ തലത്തിലും വിളിച്ച് ചേർത്തിരുന്നു. ജനങ്ങളുടെ ആശങ്ക പരിഹരിക്കുന്നതിന് ഈ യോഗങ്ങൾ ഒരു പരിധിവരെ സഹായിച്ചിട്ടുണ്ട്. ആവശ്യമെങ്കിൽ ഈ വിഷയത്തിൽ ജനങ്ങളുമായി ഇനിയും ചർച്ച നടത്തുന്ന കാര്യം പരിഗണിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ